**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1539** **01-02-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജ് സമിതികളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തലുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടി രൂപീകരിച്ച വില്ലേജ് സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭൂസംരക്ഷണ ഉപയോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും, ഈ രംഗത്തെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും, പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും, ലക്ഷ്യമിട്ടാണ് വില്ലേജ് തല ജനകീയ സമിതികൾക്ക് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. വില്ലേജ് ഓഫീസർ കൺവീനറായിട്ടുള്ള ജനകീയ സമിതിയിൽ ചുവടെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.<br><br>1. വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗം അല്ലെങ്കിൽ അവരുടെ പ്രതിനിധി<br>2. വില്ലേജ് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർമാൻ / കോർപ്പറേഷൻ മേയർ<br>3. വില്ലേജ് ഓഫീസ് ഉൾപ്പെട്ടു വരുന്ന പ്രദേശത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർ<br>4. വില്ലേജിന്റെ ചാർജ്ജ് ഓഫീസറായ ഡെപ്യൂട്ടി തഹസിൽദാർ<br>5. നിയമസഭയിൽ അംഗമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഒരു പ്രതിനിധി<br>6. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം<br>7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധി<br><br>വില്ലേജ് തല ജനകീയ സമിതിയുടെ പ്രവർത്തനം വീക്ഷിക്കുന്നതിന് ബന്ധപ്പെട്ട ജില്ലകളിലെ ആർ.ആർ.ഡെപ്യൂട്ടി കളക്ടർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. വില്ലേജിന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി തഹസിൽദാർമാർ സമിതി |

| | | | |
|---|---|---|---|
| | | | യോഗത്തിൽ പങ്കെടുക്കുന്നു. ഈ സമിതിയിൽ റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു. പട്ടയ പ്രശ്നങ്ങൾ, സർക്കാർ ഭൂമി സംരക്ഷണം എന്നിവ ചർച്ച ചെയ്യുന്നത് കൂടാതെ റവന്യൂ സേവനങ്ങൾ സുതാര്യതയിലും വേഗത്തിലും ലഭിക്കുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ വിശദീകരിക്കുന്നു. വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച് അറിവ് നൽകുകയും, ജനപ്രതിനിധികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകുകയും ചെയ്ത് വരുന്നു. റവന്യൂ വകുപ്പിനെ ജനകീയമാക്കുവാൻ വില്ലേജ് തല ജനകീയ സമിതികളിലൂടെ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തുന്നു. സമിതികളുടെ പ്രവർത്തനം എല്ലാ മാസവും കമ്മീഷണറേറ്റ് തലത്തിലും സർക്കാർ തലത്തിലും വീക്ഷിച്ചു വരുന്നു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജ് സമിതികളിൽ ഉന്നയിക്കപ്പെടുന്ന ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കാലതാമസം വന്നിട്ടുണ്ടോ; വില്ലേജ് സമിതികളിൽ ഉന്നയിക്കപ്പെട്ട ഏതെല്ലാം പ്രശ്നങ്ങളാണ് ഇനിയും പരിഹരിക്കാതെയുള്ളത്; വ്യക്തമാക്കാമോ? | (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ വില്ലേജ് സമിതികളിൽ ഉന്നയിക്കപ്പെടുന്ന ജനകീയ പ്രശ്നങ്ങൾക്ക് എല്ലാം തന്നെ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് തല ജനകീയ സമിതി സംബന്ധിച്ച് ജനങ്ങളെ യഥാവിധി ബോധവത്കരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ